# കേരളസർവകലാശാല

**Re-accredited by NAAC with A++ GRADE**

നം. പി.ആർ. **163/2026** തിരുവനന്തപുരം, തീയതി : **03/08/2026**

# പത്രക്കുറിപ്പ്

## പരീക്ഷാ വിജ്ഞാപനം

കേരള സർവകലാശാല കാര്യവട്ടം യൂണിവേഴ്സിറ്റി കോളേജ് ഓഫ് എഞ്ചിനീയറിംഗിലെ എട്ടാം സെമസ്റ്റർ ബിടെക് (2020 സ്കീം – സപ്ലിമെന്ററി – 2020 – 2022 അഡ്മിഷൻ വരെ), ആഗസ്റ്റ് 2026 പരീക്ഷാ വിജ്ഞാപനം പ്രസിദ്ധീകരിച്ചു. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പ്രാക്ടിക്കൽ

കേരള സർവകലാശാല 2026 ഏപ്രിലിൽ നടത്തിയ നാലാം സെമസ്റ്റർ എംഎ മ്യൂസിക് (വോക്കൽ) പരീക്ഷയുടെ 20/07/2026 ന് നടത്താൻ നിശ്ചയിച്ചിരുന്ന പ്രാക്ടിക്കൽ പരീക്ഷ 2026 ആഗസ്റ്റ് 05 ന് നടത്തുന്നതാണ്. വിശദവിവരങ്ങൾ വെബ്സൈറ്റിൽ.

## പുതുക്കിയ പരീക്ഷാകേന്ദ്രം

കേരള സർവകലാശാല നടത്തുന്ന സി.ബി.സി.എസ്.എസ്. കരിയർ റിലേറ്റഡ് സപ്ലിമെന്ററി ചാൻസ് തുടർന്നുള്ള എല്ലാ പരീക്ഷകൾക്കും യു.ഐ.ടി. മുതുകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് യു.ഐ.ടി. കരുവാറ്റയിലും, കടയ്ക്കൽ പി.എം.എസ്.എ. പൂക്കോയ തങ്ങൾ മെമ്മോറിയൽ ആർട്സ് ആന്റ് സയൻസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലമേൽ എൻ.എസ്.എസ്. കോളേജിലും, ആർ. ശങ്കർ കോളേജ് ഓഫ് ആർട്സ് ആന്റ് സയൻസ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ചാത്തന്നൂർ എം.ഇ.എസ്. കോളേജിലും, യു.ഐ.ടി കാഞ്ഞിരംകുളം പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് യു.ഐ.ടി നെയ്യാറ്റിൻകരയിലും, യു.ഐ.ടി മണ്ണടി പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് അടൂർ ഏനാത്ത് മാറ്റർ ഡെയ് സി.എം.ഐ. കോളേജിലും, മടത്തറ ട്രാവൻകൂർ ആർട്സ് ആന്റ് സയൻസ് കോളേജ് പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് പുനലൂർ ഗ്രേയ്സ് ഇന്റർനാഷണൽ അക്കാദമിയിലും, യു.ഐ.ടി. മുഖത്തല പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് യു.ഐ.ടി. മുളങ്കാടകം, കൊല്ലത്തും, കാർമ്മൽ കോളേജ് മുഹമ്മ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ചേർത്തല എസ്.എൻ കോളേജിലും, യു.ഐ.ടി. പള്ളിക്കൽ പരീക്ഷാകേന്ദ്രമായി തെരഞ്ഞെടുത്തിട്ടുള്ള വിദ്യാർത്ഥികൾക്ക് നിലമേൽ എൻ.എസ്.എസ്. കോളേജിലും പരീക്ഷാകേന്ദ്രമായി പുനഃക്രമീകരിച്ചിരിക്കുന്നു.

## <u>ലൈബ്രറി മെമ്പർഷിപ്പിനുള്ള അപേക്ഷാഫോറങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്</u>

കേരള സർവകലാശാല ലൈബ്രറിയുടെ വിവിധ കാറ്റഗറിയിലുള്ള മെമ്പർഷിപ്പിനുള്ള അപേക്ഷാഫോറങ്ങൾ സർവകലാശാല ലൈബ്രറിയുടെ ഒഫീഷ്യൽ വെബ്സൈറ്റിൽ (www.kulib.in) ലഭ്യമാണ്. അപേക്ഷകർ നിശ്ചിത ഫോറം പൂരിപ്പിച്ച്, ആവശ്യമായ രേഖകൾ സഹിതം സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട നിർദേശങ്ങൾ വെബ്സൈറ്റിൽ ലഭ്യമാണ്.

**പബ്ലിക് റിലേഷൻസ് ഓഫീസർ (ഇൻ-ചാർജ്ജ്)**

**E-mail:** For queries **helpdesk@keralauniversity.ac.in**/
**website: www.keralauniversity.ac.in**

***University information is available on*** **9188526670, 9188526671, 9188526674, 9188526675**
**Whats App No. 8547330240**